"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

അനധികൃത കരിങ്കല്ല് ഖനനം - ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയിൽ ഇളവ് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.ഉമ്മർ.കെ, S/o.അബൂബക്കർ, കുന്നത്ത് ഹൗസ്, കൊണ്ടൂർക്കര, പട്ടാമ്പി സമർപ്പിച്ച അപ്പീൽ അപേക്ഷ- തീർപ്പാക്കി ഉത്തരവാകുന്നു.

**വ്യവസായ (എ) വകുപ്പ്**

**G.O.(Rt)No.582/2026/ID** തീയതി,തിരുവനന്തപുരം, **19-05-2026**

പരാമർശം:- 1. പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന്റെ 14/12/2020 ലെ ഡിഇപി/1257/2018/എ1 നമ്പർ ഡിമാന്റ് നോട്ടീസ്

2. ശ്രീ.ഉമ്മർ.കെ, S/o.അബൂബക്കർ, കുന്നത്ത് ഹൗസ്, കൊണ്ടൂർക്കര, പട്ടാമ്പി സമർപ്പിച്ച അപേക്ഷ

3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 28/4/2026 ഡിഎംജി/3046/2025-എം2 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, ഓങ്ങല്ലൂർ-2 വില്ലേജിലെ മൂലേക്കാവ് എന്ന സ്ഥലത്ത് വർഷങ്ങളായി അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്യുകയാണെന്നും ആയതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് മൂലേക്കാവ് നിവാസികൾ സർക്കാർ മുൻപാകെ സമർപ്പിച്ച പരാതി ജില്ലാ ജിയോളജി ഓഫീസിലേക്ക് അയച്ച് നൽകിയതിൽ നടത്തിയ സ്ഥലപരിശോധനയിൽ ഹർജിക്കക്ഷിയുടെ ( ശ്രീ.ഉമ്മർ S/O അബൂബക്കർ) കൈവശത്തിലുള്ള സർവ്വേ നം. 375/5 ൽപ്പെട്ട സ്ഥലത്ത് നിന്നും 7,800 ക്യൂബിക് മീറ്റർ (19,500 മെട്രിക് ടൺ) കരിങ്കല്ല് അനധികൃതമായി ഖനനം നടത്തിയിട്ടുണ്ടെന്ന് ഓഫീസിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് നിന്നും 19,500 മെട്രിക് ടൺ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മെട്രിക് ടണ്ണിന് 24/- രൂപ നിരക്കിൽ 19,500/- മെട്രിക് ടൺ കരിങ്കല്ലിന്റെ റോയൽറ്റി 4,68,000/- രൂപയും വില (റോയൽറ്റിയുടെ രണ്ടിരട്ടി) 9,36,000/- രൂപയും പിഴ 25,000/- രൂപയും ഉൾപ്പെടെ ആകെ 14,29,000/- രൂപ (പതിനാല് ലക്ഷത്തി ഇരുപത്തൊൻപതിനായിരം രൂപ മാത്രം) ഹർജിക്കക്ഷി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് എന്നും അല്ലാത്തപക്ഷം ടി തുക

ഈടാക്കുന്നതിനായി 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് പരാമർശം (2) പ്രകാരം ഹർജിക്കക്ഷി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപ്പീൽ അപേക്ഷയുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ അഡീഷണൽ സെക്രട്ടറി 07/05/2026-ന് നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു.

2. . അപ്പീൽ കക്ഷി ചുവടെ ചേർത്തിരിക്കും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

തന്റെ ബാപ്പ സുന്ദരൻ എന്ന് വ്യക്തിക്ക് പെർമിറ്റ് ലഭ്യമാക്കി ഖനനം നടത്തുന്നതിന് എഗ്രിമെൻ്റ് പ്രകാരം അനുമതി നൽകിയിരുന്നുവെന്നും ഇപ്പോൾ തന്റെ ബാപ്പ മരണപ്പെട്ടു പോയെന്നും ഇത്രയും വലിയൊരു തുക ഒടുക്കുവനുള്ള ശേഷി തനിക്കില്ലെന്നും ബാപ്പയുടെ പേരിലുള്ള ഈ വസ്തു മക്കൾക്ക് കൈമാറിയിട്ടില്ലെന്നും അതിനാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുകയോ അല്ലെങ്കിൽ ഇളവ് അനുവദിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. കൂടാതെ ബാപ്പ മരണപ്പെട്ടു പോയതിനാൽ ടി വസ്തു നാല് മക്കൾക്കായി അവകാശപ്പെട്ടതാണെന്നും അതിനാൽ തുക ഒഴിവാക്കുവാൻ സാധിക്കുകയില്ലെങ്കിൽ പുതുക്കിയ ഡിമാന്റ് നോട്ടീസ് നല്കി തുക ഈ നാല് പേരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

3. ഹർജിവിഷയത്തിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, ഓങ്ങല്ലൂർ-2 വില്ലേജ്, റീ.സർവ്വേ നം. 375/5-ൽ ഉൾപ്പെട്ട ശ്രീ. അബൂബക്കർ, S/o. അലിയാമു, കുന്നത്ത്, വാടാംനംകുറിശ്ശി, പട്ടാമ്പി എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്തു വിപണനം നടത്തുന്നതായി 26/04/2018 തീയ്യതിയിൽ പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിൻ്റെ അടിസ്ഥാനത്തിൽ ശ്രീ. അബൂബക്കർ എന്നവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയതിൽ തന്റെ അറിവില്ലായ്മ കൊണ്ടാണ് പ്രസ്തുത സ്ഥലത്ത് കരിങ്കല്ല് ഖനനം ചെയ്തെന്നും ഇനി കല്ല് ഖനനം ചെയ്യുകയില്ല എന്നും സീനിയർ സിറ്റിസൺ ആയ തനിയ്ക്ക് വേറെ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ല എന്നും ദയവുണ്ടായി ചെറുതായിട്ടുള്ള പിഴ ഈടാക്കി നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു . തുടർന്ന് ടിയാനെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഹിയറിംങ് നോട്ടീസ്

നൽകുകയും ടി ഹിയറിംഗിൽ ടിയാന് പകരം മകൻ ശ്രീ. ഉമ്മർ ഹാജരാകുകയും പട്ടാമ്പി താലൂക്ക്, ഓങ്ങല്ലൂർ-2 വില്ലേജ്, റി.സർവ്വേ നം. 375/5-ൽ ഉൾപ്പെട്ട സ്ഥലത്ത് റെയിൽവേക്ക് വേണ്ടി 2008-ൽ വരമംഗലത്ത് ഏന്തു, S/o. ഹൈഡ്രോസ് എന്നയാൾ സ്ഥലം നിരപ്പാക്കുന്നതിനായി സമ്മതത്തോട് മണ്ണ് എടുത്തിട്ടുള്ളതാണെന്നും മണ്ണ് എടുത്തപ്പോൾ കണ്ട പാറ സ്ഥലം നിരപ്പാക്കുന്നതിനായി പൊട്ടിച്ച് നീക്കിയിട്ടുള്ളതാണെന്നും, 2018-ൽ ശ്രീ. സുന്ദരം എന്നയാളുടെ പേരിൽ പെർമിറ്റ് എടുത്ത് ഖനനം നടത്തിയിട്ടുള്ളതാണെന്നും, പെർമിറ്റിൻറെ പകർപ്പ് വെള്ളം കയറി നശിച്ച് പോയതിനാൽ ഹാജരാക്കുവാൻ കഴിയാത്തതാണെന്നും, അബൂബക്കറിന് സുഖമില്ലാത്തതിനാലാണ് മകനായ ശ്രീ. ഉമ്മർ ഹാജരായതെന്നും സ്ഥലം നിരപ്പാക്കുന്നതിനായി ചെയ്ത കാര്യം മാപ്പാക്കി തുടർ നടപടികളിൽ നിന്ന് ഒഴിവാക്കി തരണമെന്നും ഹിയറിംങ്ങിന് ഹാജരായി ശ്രീ. ഉമ്മർ പാലക്കാട് ജില്ലാ ഓഫീസിനെ അറിയിച്ചിട്ടുള്ളതാണ്

തുടർന്ന് പട്ടാമ്പി താലൂക്ക്, ഓങ്ങല്ലൂർ-2 വില്ലേജ്, റീ.സർവ്വേ നം. 375/5-ൽ ഉൾപ്പെട്ട ശ്രീ. അബൂബക്കർ, S/o. അലിയാമു, കുന്നത്ത്, വാടാംനംകുറിശ്ശി, പട്ടാമ്പി എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനധികൃതമായി കരിങ്കല്ല് ഖനനം ചെയ് വിപണനം നടത്തുന്നതായി 26/04/2018 തിയ്യതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ കാണപ്പെട്ട 7,800 ക്യൂബിക് മീറ്റർ (19,500 മെട്രിക് ടൺ) കരിങ്കല്ലിൻറെ റോയൽറ്റി 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം (മെട്രിക് ടണ്ണിന് 24/- രൂപ നിരക്കിൽ) 4,68,000/- രൂപയും, വില (റോയൽറ്റിയുടെ രണ്ടിരട്ടി) 9,36,000/- രൂപയും, പിഴ 25,000/- രൂപയും ഉൾപ്പെടെ ആകെ 14,29,000/-രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ടെന്നറിയിച്ച് 14/12/2020 തിയ്യതിയിൽ ഡിമാൻറ് നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത തുക ശ്രീ. അബൂബക്കർ എന്നവർ സർക്കാരിലേക്ക് ഒടുക്കാത്തതിനെ തുടർന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിൻന്റെ ഭാഗമായി റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

4. അപ്പീലധികാരി ഇക്കാര്യം പരിശോധിച്ചു.വിജിലൻസ്&ആന്റികറപ്ഷൻ ബ്യൂറോക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും 26/04/2028-ൽ നടത്തിയ സ്ഥലപരിശോധനയിലാണ് ശ്രീ.അബൂബക്കറിനെറ ക്വാറിയിലും അനധികൃത ഖനനം കണ്ടെത്തിയത്.സ്ഥലം നിരപ്പാക്കാൻ മണ്ണ് എടുത്തപ്പോൾ കണ്ട പാറ സ്ഥലം നിരപ്പാക്കുന്നതിനായി പൊട്ടിച്ച് നീക്കിയിട്ടുള്ളതാണെന്നും ജിയോളജിസ്റ്റിനോട് ടിയാൻ സമ്മതിച്ചിട്ടും ഉണ്ട്. പ്രസ്തുത ഖനനം അനധികൃതമായതിനാൽ കെ.എം.എം.സി ചട്ടം 108(2) പ്രകാരം പെനാൽറ്റി ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്.അതിനാൽ 14/12/2020 ൽ നൽകിയ

ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ശ്രീ.അബൂബക്കർ മരണപ്പെട്ടതിനാലും അതു സംബന്ധിച്ച മരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാലും പ്രസ്തുത വസ്തു നാല് മക്കൾക്കായി അവകാശപ്പെട്ടതാണെന്നും അതിനാൽ തുക ഈ നാല് പേരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് പുതുക്കിയ ഡിമാന്റ് നോട്ടീസ് നല്കി നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യം പരിഗണിച്ച് 14/12/2020-ലെ ഡിമാൻറ് നോട്ടീസ് പ്രകാരമുള്ള തുക തുല്യമായി വീതിച്ച് അപ്പീൽ കക്ഷിയുടെ അപേക്ഷയിൽ പറഞ്ഞിരിക്കും പ്രകാരം ശ്രീ.അബൂബക്കർകുന്നത്ത് ഹൗസ്, കൊണ്ടൂർക്കര, പട്ടാമ്പി എന്നയാളുടെ മക്കളായ ശ്രീ. ഉമ്മർ, ശ്രീ. സിദ്ദീഖുൽ അക്ബർ, ശ്രീ. മൻസൂർ അലി, ശ്രീ മുഹമ്മദ് കബീർ എന്നിവർക്ക് പുതുക്കിയ ഡിമാൻറ് നോട്ടീസ് നല്കി അതിൻ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കി ശ്രീ.ഉമ്മർ.കെ, S/o.അബൂബക്കർ, കുന്നത്ത് ഹൗസ്, കൊണ്ടൂർക്കര, പട്ടാമ്പി സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**B AJITHA**

**ADDITIONAL SECRETARY**

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 19-05-2026 15:12:33

സെക്ഷൻ ഓഫീസർ

ശ്രീ.ഉമ്മർ.കെ, S/o.അബൂബക്കർ, കുന്നത്ത് ഹൗസ്, കൊണ്ടൂർക്കര, പട്ടാമ്പി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്,പാലക്കാട്

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/274/2025-വ്യവ)